(സി)

തിരുവനന്തപുരം	32
കൊല്ലം	32
പത്തനംതിട്ട	42
ആലപ്പുഴ	51
കോട്ടയം	45
ഇടുക്കി	41
എറണാകുളം	59
തൃശ്ശൂർ	44
പാലക്കാട്	59
മലപ്പുറം	62
കോഴിക്കോട്	42
വയനാട്	8
കണ്ണൂർ	59
കാസർഗോഡ്	28

(ഡി) സംസ്ഥാനത്ത് ആറും അതിൽ കൂടുതലും ക്ലറിക്കൽ തസ്തികകളുള്ള 520 ഗ്രാമപഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക ഒഴിവാക്കി ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

വിവാഹ രജിസ്ട്രാർ ജനറൽ

232 (1604) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവാഹ രജിസ്ട്രാർ ജനറൽ എന്ന തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവാഹ രജിസ്ട്രാർ ജനറലിന്റെ ആഫീസിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കുമോ ;

(സി) നിലവിൽ ഈ ആഫീസിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് എന്നുള്ളതടക്കമുള്ള പ്രവർത്തന വിവരങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) വിവാഹ രജിസ്ട്രാർ ജനറൽ എന്ന പ്രത്യേക തസ്തിക നിലവിൽ സൃഷ്ടിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശങ്ങളെയും നഗരപ്രദേശങ്ങളെയും സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ ആയി പ്രവർത്തിച്ചുവരുന്നു.

(ബി) ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരാണ് വിവാഹ രജിസ്ട്രാർ ജനറൽ എന്നുള്ളതിനാൽ വിവാഹ രജിസ്ട്രാർ ജനറലിന് മാത്രമായി പ്രത്യേകം ഓഫീസ് ഇല്ല. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ ഈ ആവശ്യത്തിലേയ്ക്കായി ഒരു ജൂനിയർ സൂപ്രണ്ട്, ഒരു സീനിയർ ക്ലാർക്ക് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഹിന്ദു വിവാഹം 1955, പ്രത്യേക വിവാഹ നിയമം 1954, ക്രിസ്ത്യൻ വിവാഹ നിയമം 1872 എന്നീ വിവാഹ നിയമങ്ങളുടെ നിയന്ത്രണാധികാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ അധികാര പരിധിയിലാണ്. 2008-ലെ പൊതു വിവാഹ ചട്ടങ്ങൾ അനുസരിച്ച് വിവാഹം നടന്ന് 5 വർഷത്തിനുശേഷമുള്ള രജിസ്ട്രേഷൻ, വിവാഹ രജിസ്റ്ററിലെ പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ, അനുമതി നൽകൽ, രജിസ്ട്രേഷൻ തിരുത്തൽ, സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ തുടങ്ങിയ തദ്ദേശ രജിസ്ട്രാറുടെ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) ഏതൊരു തീരുമാനത്തിനെതിരെയും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിൽ രജിസ്ട്രാർ ജനറൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള ജീവനക്കാരുടെ പുനർവിന്യാസം

233 (1605) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22-5-2013-ലെ E4-1771/12/CE/LSGD ഉത്തരവ് പ്രകാരം എത്ര ജീവനക്കാരെ സ്ഥിരമായി പുനർവ്യന്യസിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly